**പതിനാലാം കേരള നിയമസഭ**

**ഒന്നാംസമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.926

11/07/2016 ൽ
മറുപടിയ്ക്ക്

## ചാലക്കുടി മണ്ഡലത്തിലെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകളിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ബി) വിവിധ വകുപ്പുകൾക്ക് കീഴിൽ വികസനത്തിന് ആവശ്യമില്ലാത്ത പുറമ്പോക്ക് ഭൂമികളിൽ, വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ& ബി) ടി അപേക്ഷകളിൽ താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്:-<br>1) പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമികൾ പതിച്ച് നൽകുന്നതിന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2) പൊതുമരാമത്ത് വകുപ്പ് റോഡ്, കോട്ട ഇറിഗേഷൻ വകുപ്പിന്റെ കനാൽ പുറമ്പോക്ക് എന്നിവക്ക് പട്ടയങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി ലഭ്യമാകേണ്ടതുണ്ട്.<br>3) തരിശ്/വില്ലേജ് റിസർവ്/പാറ പതിവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കേസുകളിൽ പതിവു കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>4) ട്രാംവേ പുറമ്പോക്ക് പട്ടയം സംബന്ധിച്ച് പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള സ്ഥലപരിശോധനകൾ നടത്തിവരുന്നു.<br>5) കുളം, ചിറ പുറമ്പോക്കുകൾ നിലവിലുള്ള നിയമപ്രകാരം പതിവ് നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.<br>6) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള മേച്ചിൽ സ്ഥലങ്ങൾ |

ഭൂമികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടെ ഡീവെസ്റ്റ് ചെയ്ത് ഗസറ്റ് വിജ്ഞാപനം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

7) വനഭൂമിയുടെ സമീപമുള്ള വില്ലേജുകളിൽ അധിഷ്ഠാന നികുതി രജിസ്റ്ററിന്റെ എ രജിസ്റ്ററിൽ വനഭൂമി എന്നും, ബി രജിസ്റ്ററിൽ പുറമ്പോക്ക് എന്നും രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ അത്തരം ഭൂമികളുടെ സർവ്വെ നമ്പറുകൾ പതിവുലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം നൽകുന്നതിനുള്ള നടപടികൾ തഹസിൽദാർ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ